# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 13**

---

സിലബസ് രൂപീകരണ ശിൽപ്പശാലകൾക്ക് തുടക്കമായി

**വിദ്യാർഥികളുടെ ജിജ്ഞാസ മൂലധനമാക്കണം-മന്ത്രി ആർ. ബിന്ദു**

വിദ്യാർഥികളുടെ ജിജ്ഞാസ മൂലധനമാക്കി ഗൗരവതരമായ പഠനങ്ങൾ നടന്നതിന് അവർക്ക് പ്രചോദനമേകാൻ അധ്യാപകർ പരിശ്രമിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർദേശിച്ചു. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ കരട് സിലബസ് രൂപീകരണത്തിനായി മഹാത്മാ ഗാന്ധി സർവകലാശാല വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ച ശിൽപ്പശാലകളുടെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. ഏറ്റവും വലിയ സമ്പത്തായ വിജ്ഞാനത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന തിനും സമ്പദ്ഘടനയുടെ ശാക്തീകരണത്തിനും പ്രയോജനപ്പെടുത്താനാകണം വിദ്യാർഥികൾക്ക് ജ്ഞാനോത്പാദകരാകാൻ സാധിക്കുമെന്ന ബോധ്യത്തോടെയാണ് സിലബസുകളിൽ സമൂലവും സമഗ്രവുമായ മാറ്റമുണ്ടാക്കേണ്ടത്.

എല്ലാ വിദ്യാർഥികളിലും ഏതെങ്കിലുമൊരു മേഖലയുമായി ബന്ധപ്പെട്ട മികവുണ്ടെന്ന് തിരിച്ചറിഞ്ഞ് അത് വികസിപ്പിക്കാനും സമൂഹത്തിനായി പ്രയോജനപ്പെടുത്താനും പരിശ്രമിക്കണം. ക്ലാസ് മുറികളിൽ അധ്യാപകർക്കും വിദ്യാർഥികൾക്കുമിടയിൽ പരസ്പര ബഹുമാനത്തിൻറെ അന്തരീക്ഷം ഉണ്ടാകണം.

നാലു വർഷ ബിരുദ പ്രോഗ്രാമിൽ ഗവേഷണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സജീവമാകുന്നത് നാലാം വർഷത്തിലാണെങ്കിലും ആദ്യ വർഷം മുതൽ വിദ്യാർഥികളെ അതിനായി സജ്ജരാക്കണം. ഓരോ വൈജ്ഞാനിക ശാഖയിലുമുള്ള പുതിയ പ്രവണതകൾ തിരിച്ചറിഞ്ഞും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുമാണ് സിലബസുകൾ

തയ്യാറാക്കേണ്ടത്. അധ്യാപകരും വിദ്യാർഥികളും ചേർന്ന് കോഴ്സുകൾ പുനർ രൂപകൽപ്പന ചെയ്യാൻ കഴിയുന്ന സംവിധാനമുണ്ടാകണം-മന്ത്രി പറഞ്ഞു.

സർവകലാശാലയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സഖറിയ സന്നിഹിതനായിരുന്നു. സിൻഡിക്കേറ്റിലെ മറ്റ് അംഗങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്ന് യോഗത്തിൽ പങ്കെടുത്തു.

അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ശിൽപ്പശാലകളിൽ ബിരുദ പ്രോഗ്രാമുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, അധ്യാപക പ്രതിനിധികൾ, വിഷയമേഖലകളുമായി ബന്ധപ്പെട്ട പുറത്തുനിന്നുള്ള വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.
(പി.ആർ.ഒ/39/1349/2023)

## സീറോ ടോളറൻസ് കാന്പയിനിന് തുടക്കമായി

തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമങ്ങൾക്കെതിരായ ബോധവത്കരണത്തിന് മഹാത്മാ ഗാന്ധി സർവകലാശാല സീറോ ടോളറൻസ് കാമ്പയിനിന് തുടക്കം കുറിച്ചു. തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമം തടയുന്ന നിയമത്തിൻറെ സമ്പൂർണ്ണ സാക്ഷരത ലക്ഷ്യമിട്ടാണ് സർവകലാശാലാ ഇൻറേണൽ കമ്മിറ്റി കാന്പയിൻ നടത്തുന്നത്.

ഇതിന്റെ ഭാഗമായി പല ഘട്ടങ്ങളിലായി വിദ്യാർഥികൾ, അധ്യാപകർ, ജീവനക്കാർ എന്നിവർക്കായി നിയമ പരിശീലനം നടത്തും. ഇത്തരത്തിൽ സന്പൂർണ നിയമ സാക്ഷരത നേടുന്ന രാജ്യത്തെ ആദ്യ സർവകലാശാലായായി മാറ്റുകയാണ് ലക്ഷ്യം.

ഒന്നാം ഘട്ടമായി സർവകലാശാലയിലെ മുതിർന്ന ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഇൻറേണൽ കമ്മിറ്റി ചെയർപേഴ്സൺ പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. അഡ്വ. പി.എം ആതിര നിയമ നിർവഹണ ചുമതലകളെ കുറിച്ച് ക്ലാസെടുത്തു. കമ്മിറ്റി അംഗങ്ങളായ ഡോ. പി.എം. ആരതി, പി. അഖിൽ എന്നിവർ സംസാരിച്ചു.
(പി.ആർ.ഒ/39/1350/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾ ഡിസംബർ ആറിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1351/2023)

## **പരീക്ഷകൾക്ക് അപേക്ഷിക്കാം**

മൂന്നാം സെമസ്റ്റർ എൽ.എൽ.എം(2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2018ന് മുൻപുള്ള അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫീസ് അടച്ച് നവംബർ 15 വരെ അപേക്ഷ സമർപ്പിക്കാം.

പിഴയോടു കൂടി നവംബർ 16നും സൂപ്പർ ഫൈനോടു കൂടി 17നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1352/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**